"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 2018-19 സാമ്പത്തിക വർഷത്തിൽ 100 ദിവസം തൊഴിലെടുത്ത കുടുംബങ്ങൾക്ക് കോവിഡ് മഹാമാരിയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രത്യേക സഹായധനം അനുവദിച്ച് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1266/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/06/2020

പരാമർശം:- 1 സ.ഉ.(സാധാ) നം.1935/2019/ത.സ്വ.ഭ.വ തീയതി 05.09.2019

2 അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 19.11.2019-ൽ ചേർന്ന 21-ാമത് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗത്തിലെ തീരുമാനം നം.13

3 നഗരകാര്യ ഡയറക്ടറുടെ 06.01.2020, 30.01.2020, 19.03.2020 തീയതികളിലെ ഡിസി.3-12310/19(7) നമ്പർ കത്തുകൾ

**ഉത്തരവ്**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 2018-19 സാമ്പത്തിക വർഷത്തിൽ 100 ദിവസം തൊഴിലെടുത്ത കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് 1000 രൂപ പ്രത്യേക പാരിതോഷികമായി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഇതേ മാതൃകയിൽ 2018-19 സാമ്പത്തിക വർഷം അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 100 ദിവസം തൊഴിലെടുത്ത കുടുംബങ്ങൾക്കും പ്രത്യേക പാരിതോഷികം അനുവദിക്കുന്ന കാര്യം പരിഗണിക്കണമെന്ന് പദ്ധതിയുടെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത സാഹചര്യത്തിൽ ഇത്തരത്തിലുള്ള 1225 കുടുംബങ്ങൾക്ക് പ്രത്യേക പാരിതോഷികം അനുവദിക്കണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ 2018-19 സാമ്പത്തിക വർഷം അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 100 ദിവസം തൊഴിലെടുത്തതും 2019-ലെ ഓണത്തോടനുബന്ധിച്ച് ഉത്സവബത്ത ലഭിക്കാത്തതുമായ കുടുംബങ്ങൾക്ക് കോവിഡ് മഹാമാരിയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 1000/- രൂപ സഹായധനം അനുവദിച്ച് സർക്കാർ ഉത്തരവാകുന്നു. അർഹതാ പട്ടിക പ്രകാരം യോഗ്യരായ കുടുംബങ്ങൾ 100 ദിവസം തൊഴിലെടുത്തിട്ടുണ്ടെന്ന് പദ്ധതി രേഖകൾ പരിശോധിച്ച് നഗരകാര്യ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

3. ഇതിലേക്കാവശ്യമായ തുക 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 2217-80-800-76 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്: നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
ധനകാര്യ (ഡവലപ്മെന്റ് വിംഗ്) വകുപ്പ്(Dev-2/102/2020-Fin)

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി/മേയർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, ഐ&പിആർഡി

ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.06.[illegible] 16:28:05 IST
Reason: Approved
സെക്ഷൻ ഓഫീസർ

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്